# പതിമൂന്നാം കേരള നിയമസഭ
## പതിനാറാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നം. 1848 — 16.02.2016 ലെ മറുപടിക്ക്

**ചോദ്യം**

ശ്രീ. ബി. സത്യൻ
ശ്രീ. കെ. സുരേഷ് കുറുപ്പ്
ശ്രീ. പി.ടി.എ. റഹിം
ശ്രീ. കെ.കെ. നാരായണൻ

**മറുപടി**

**ശ്രീ. ഉമ്മൻ ചാണ്ടി**
ബഹു. മുഖ്യമന്ത്രി

## നികുതി/ നികുതിയേതര ഇന വരുമാനം

| | | |
|---|---|---|
| (എ) | നികുതി/നികുതിയേതര ഇന വരുമാനത്തിൽ വർദ്ധനവ് വരുത്തുന്നതിനായി ഈ സർക്കാർ ഓരോ വർഷവും അധിക വിഭവ സമാഹരണം ലക്ഷ്യമിട്ടിട്ടുണ്ടായിരുന്നുവോ; | ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം 2011-12, 2012-13, 2013-14, 2014-15, 2015-16 സാമ്പത്തിക വർഷങ്ങളിൽ അധിക വിഭവ സമാഹരണ മാർഗ്ഗങ്ങളിലൂടെ ലക്ഷ്യമിട്ടിരുന്ന വരുമാനം യഥാക്രമം 616, 1512.05, 1138.33, 1556.35, 1220 കോടി രൂപയായിരുന്നു. അധിക വിഭവ സമാഹരണത്തിലൂടെ 2011-12, 2012-13 സാമ്പത്തിക വർഷങ്ങളിൽ ലഭിച്ച വരുമാനം യഥാക്രമം 1003.35, 1580.69 കോടി രൂപയായിരുന്നു. മറ്റു സാമ്പത്തിക വർഷങ്ങളിൽ അധിക വിഭവ സമാഹരണ മാർഗ്ഗത്തിലൂടെ ലഭിച്ച തുകയുടെ വേർതിരിച്ചുള്ളകണക്കുകൾ ശേഖരിച്ചു വരുന്നു. 2014-15 സാമ്പത്തിക വർഷം ബഡ്ജറ്റിലൂടെ അല്ലാതെ നികുതി വരുമാനത്തിൽ 2207 കോടി രൂപയും നികുതിയേതര വരുമാനങ്ങളുടെ പരിഷ്ക്കരണത്തിലൂടെ 350 കോടി രൂപയും അധിക വിഭവ സമാഹരണമായി ലക്ഷ്യമിട്ടിരുന്നു. ഇതിൽ സമാഹരിക്കാൻ കഴിഞ്ഞ തുകയുടെ കണക്കുകൾ ശേഖരിച്ചു വരുന്നു. |
| (ബി) | ബഡ്ജറ്റിലൂടെയും അല്ലാതെയും നികുതി/ നികുതിയേതര അധിക വിഭവ സമാഹരണത്തിലൂടെ ഓരോ വർഷവും ലക്ഷ്യമിട്ട തുകയും സ്വരൂപിച്ച തുകയും സംബന്ധിച്ച് വിശദമാക്കാമോ; | |

| | | |
|---|---|---|
| (സി) | 2011-12 മുതൽ 2015-16 വരെയുള്ള ഓരോ വർഷവുമുള്ള റവന്യൂ വരവുകളുടെ ലക്ഷ്യവും നേട്ടവും വളർച്ചാ നിരക്കും വിശദമാക്കാമോ; | 2011-12 മുതൽ 2015-16 വരെയുള്ള ഓരോ വർഷവുമുള്ള റവന്യൂ വരവുകളുടെ ലക്ഷ്യവും ലഭിച്ച യഥാർത്ഥ തുകയും വളർച്ചാ നിരക്കും ചുവടെ ചേർക്കുന്നു.<br>തുക (കോടിയിൽ)<br>സാമ്പത്തിക വർഷം / ലക്ഷ്യമിട്ടത് / യഥാർത്ഥ കണക്ക് / വളർച്ചാ നിരക്ക്<br>2011-12 / 39427.51 / 38010.36 / 22.65<br>2012-13 / 48141.59 / 44137.30 / 16.12<br>2013-14 / 58057.88 / 49176.94 / 11.42<br>2014-15 / 64842.35 / 57950.47 / 17.84<br>2015-16 / 77427.20 / 47273.77* / 17.52*<br>*2015-16 ഡിസംബർ വരെയുള്ള പ്രാഥമിക കണക്കുകൾ പ്രകാരം |
| (ഡി) | കഴിഞ്ഞ അഞ്ചു വർഷവും റവന്യൂ-ധന-പ്രാഥമിക കമ്മികൾ ലക്ഷ്യമിട്ടതിനേക്കാൾ വൻതോതിൽ വർദ്ധിച്ചിട്ടുണ്ടോ; | 2011-12 മുതൽ 2015-16 വരെയുള്ള സാമ്പത്തിക വർഷങ്ങളിൽ റവന്യൂ-ധന പ്രാഥമിക കമ്മികൾ ലക്ഷ്യമിട്ടതും യഥാർത്ഥത്തിലുണ്ടായ കണക്കുകളും അനുബന്ധമായി ചേർക്കുന്നു. |
| (ഇ) | റവന്യൂ വരവും റവന്യൂ ചെലവും തമ്മിലുള്ള അന്തരം വൻതോതിൽ വർദ്ധിച്ചുവോ; റവന്യൂചെലവുകൾ നടത്തുന്നതിന് കടം എടുക്കുകയുണ്ടായോ; ഇതിനെല്ലാമുള്ള കാരണങ്ങൾ വിശദമാക്കുമോ | റവന്യൂ വരവും റവന്യൂ ചെലവും തമ്മിലുള്ള അന്തരത്തെ സൂചിപ്പിക്കുന്ന റവന്യൂ കമ്മി 2011-12, 2012-13, 2013-14, 2014-15, 2015-16 (ഡിസംബർ മാസം വരെ) സാമ്പത്തിക വർഷങ്ങളിൽ യഥാക്രമം 8034.26, 9351.44, 11308.55, 13795.96, 4867.68 കോടി രൂപയായിരുന്നു. വിവിധ സ്രോതസ്സുകളിൽ നിന്നും എടുത്തിട്ടുള്ള പൊതുകടത്തിന്റെ ഒരു ഭാഗം റവന്യൂ കമ്മി നേരിടുന്നതിന് ഉപയോഗിച്ചിട്ടുണ്ട്. സംസ്ഥാന സമ്പദ് വ്യവസ്ഥയെ പൊതുവിൽ ബാധിച്ചിട്ടുള്ള മാന്ദ്യത്തിന്റെ പശ്ചാത്തലത്തിൽ മൊത്തം ആഭ്യന്തര ഉപഭോഗത്തിൽ ഉണ്ടായ കുറവ് സംസ്ഥാന റവന്യൂ വരുമാന വളർച്ചയെ പ്രതികൂലമായി ബാധിച്ചിട്ടുണ്ട്. അവശ്യസാധനങ്ങൾ, മരുന്നുകൾ എന്നിവയ്ക്ക് ഏർപ്പെടുത്തിയ നികുതിയിളവുകൾ, സ്റ്റാമ്പ് ഡ്യൂട്ടിയിൽ വരുത്തിയിരുന്ന ഇളവ്, |

| | | |
|---|---|---|
| | | ഭൂമി ക്രയവിക്രയത്തിലുണ്ടായ ഇടിവ്, മദ്യവിൽപനയിലുണ്ടായ കുറവ്, വാഹന വിൽപ്പനമേഖലയിലെ മാന്ദ്യം, കാർഷിക നാണ്യ വിളകളുടെ വിലയിടിവ് എന്നിവയും റവന്യൂ വരുമാന വളർച്ചാ നിരക്കിൽ കുറവു വരുന്നതിന് കാരണമായിട്ടുണ്ട്. കൂടാതെ കേന്ദ്രനികുതി വിഹിതത്തിലും കേന്ദ്ര ധനസഹായത്തിലും പ്രതീക്ഷിച്ച തോതിലുള്ള വരവ് ലഭിക്കാത്തതും ശമ്പളം, പെൻഷൻ, പലിശ എന്നീ ചെലവിനങ്ങളിലുണ്ടായ വർദ്ധനവ്, സാമൂഹ്യ സുരക്ഷാ പദ്ധതികൾ, വികസന പദ്ധതികൾ എന്നീ മേഖലകളിൽ കൂടുതൽ തുക അനുവദിച്ചതു മൂലമുണ്ടായ അധിക ചെലവ് എന്നിവയുടെ ഫലമായി റവന്യൂ ചെലവിലുണ്ടായ വർദ്ധനവും പ്രതീക്ഷിച്ചതിനേക്കാൾ ഉയർന്ന തോതിലുള്ള റവന്യൂ കമ്മിക്ക് കാരണമായിട്ടുണ്ട്. |
| (എഫ്) | ഈ സർക്കാർ അധികാരമേറ്റശേഷം ഏതെങ്കിലും വർഷം മൂലധനചെലവ് ലക്ഷ്യസ്ഥാനത്ത് എത്തുകയുണ്ടായോ; കടം വാങ്ങുന്ന ഫണ്ടുകൾ ഏതെങ്കിലും വർഷം പൂർണ്ണമായും വികസന പ്രവർത്തനങ്ങൾക്ക് ഉപയോഗിക്കാൻ സാധിച്ചിട്ടുണ്ടോ; | 2011-12 സാമ്പത്തിക വർഷം ലക്ഷ്യമിട്ടിരുന്ന മൂലധനചെലവ് 3834.69 കോടി രൂപയായിരുന്നു. ടി സാമ്പത്തിക വർഷത്തെ യഥാർത്ഥ മൂലധനചെലവ് 3852.92 കോടി രൂപയായിരുന്നു. പിന്നീടുള്ള സാമ്പത്തിക വർഷങ്ങളിലൊന്നും തന്നെ ലക്ഷ്യമിട്ട മൂലധനചെലവ് നടത്താൻ യഥാർത്ഥത്തിൽ കഴിഞ്ഞിട്ടില്ല. വിവിധ സ്രോതസ്സുകളിൽ നിന്നും കടം എടുക്കുന്ന തുക സംസ്ഥാന ത്തിന്റെ വികസന പ്രവർത്തനങ്ങൾക്ക് വേണ്ടിയാണ് പ്രധാനമായും ഉപയാഗപ്പെടുത്തുന്നത്. കൂടാതെ കടമെടുക്കുന്ന തുകയുടെ ഒരു ഭാഗം റവന്യൂ ചെലവുകൾ നേരിടുന്നതിനും വിനിയോഗിക്കാറുണ്ട്. |

| | | |
|---|---|---|
| (ജി) | സാമ്പത്തിക ഉത്തരവാദിത്വ (ഭേദഗതി) നിയമപ്രകാരം 2015 മാർച്ച് അവസാനത്തോടെ സംസ്ഥാനത്തിന്റെ റവന്യൂ കമ്മിയും ജി.എസ്.ഡി.പിയുമായുള്ള വ്യത്യാസത്തിന്റെ ശതമാനം പൂജ്യത്തിൽ എത്തിക്കുകയുണ്ടായോ; മേൽപ്പറഞ്ഞ കാര്യങ്ങളിലെല്ലാം ധവള പത്രം പുറപ്പെടുവിച്ചിരുന്നുവോ? | 2015 മാർച്ച് അവസാനം റവന്യൂ കമ്മിയും ജി.എസ്.ഡി.പിയുമായുള്ള വ്യത്യാസത്തിന്റെ ശതമാനം പൂജ്യമാക്കുവാൻ സാധിച്ചിട്ടില്ല. സംസ്ഥാനത്തിന്റെ സാമ്പത്തിക സ്ഥിതി അവലോകനം നടത്തിക്കൊണ്ടും സാമ്പത്തിക സ്ഥിതി മെച്ചപ്പെടുത്തുന്നതിന് ചില നിർദ്ദേശങ്ങൾ ഉൾപ്പെടുത്തിക്കൊണ്ടും 2011 ൽ ധവള പത്രം പുറപ്പെടുവിച്ചിരുന്നു. |

അക്കൗണ്ട്സ് ഓഫീസർ

# അനുബന്ധം

തുക കോടിയിൽ

| സാമ്പത്തിക വർഷം | റവന്യൂ കമ്മി | | ധനകമ്മി | | പ്രാഥമിക കമ്മി | |
|---|---|---|---|---|---|---|
| | ലക്ഷ്യം | യഥാർത്ഥ കണക്ക് | ലക്ഷ്യം | യഥാർത്ഥ കണക്ക് | ലക്ഷ്യം | യഥാർത്ഥ കണക്ക് |
| 2011-12 | 5533.91 | 8034.26 | 10506.99 | 12814.77 | 4252.44 | 6521.18 |
| 2012-13 | 3463.77 | 9351.44 | 10726.79 | 15002.46 | 3492.46 | 7797.65 |
| 2013-14 | 2269.97 | 11308.55 | 11872.63 | 16944.12 | 4199.15 | 8678.74 |
| 2014-15 | 7131.69 | 13795.96 | 14398.46 | 18641.73 | 4800.32 | 8872.14 |
| 2015-16 * | 7831.92 | 4867.68 | 17699.25 | 9331.30 | 6747.15 | 2854.79 |

* 2015 ഡിസംബർ മാസം വരെയുള്ള അക്കൗണ്ടന്റ് ജനറലിന്റെ പ്രാരംഭ തനി കണക്കുകൾ പ്രകാരം

അക്കൗണ്ട്സ് ഓഫീസർ